**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 45** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമ്പത്തിക സ്ഥിതി വിലയിരുത്തൽ റിപ്പോർട്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ
ശ്രീ. പി. മമ്മിക്കുട്ടി
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
ശ്രീ. കെ. പ്രേമൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധനവകുപ്പിന്റെ ഏറ്റവും പുതിയ വിലയിരുത്തൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളെ കുറിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ആരോഗ്യ തൽസ്ഥിതി റിപ്പോർട്ട് പ്രകാരം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തുകൾ ചുവടെ ചേർക്കുന്നു

- സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 5.07 ലക്ഷം കോടി രൂപയാണ്.
- മൊത്തം റവന്യൂ വരുമാനത്തിന്റെ 77 ശതമാനവും ഉപയോഗിക്കുന്നത് നിർബന്ധിത ചെലവുകൾക്കാണ് (Committed Expenditure).
- റവന്യൂ വരുമാനത്തിന്റെ 20.9 ശതമാനം പലിശ അടവുകൾക്കായി മാത്രം മാറ്റിവെക്കേണ്ടി വരുന്നു.
- സംസ്ഥാനത്തിന്റെ മൂലധന ചെലവ് (Capital Expenditure) മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GSDP) 1.3% മാത്രമാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും താഴ്ന്ന മൂലധന ചെലവ് നിരക്കുകളിലൊന്നാണിത്.
- മാറ്റിവെക്കപ്പെട്ട ബാധ്യതകളും കുടിശ്ശികകളും ഏകദേശം 48,733 കോടി രൂപ വരും. ഈ തുക സംസ്ഥാനം ഒരു വർഷം എടുക്കുന്ന മൊത്തം വായ്പാ തുകയ്ക്ക് തുല്യമാണ്.
- കിഫ്ബിക്ക് നിലവിൽ 21,000 കോടി രൂപയുടെ വായ്പാ ബാധ്യതയുണ്ട്. ഏകദേശം 35,000 കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്കായി കിഫ്ബി ഇനിയും ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. അനുവദിച്ച ഫണ്ടിന്റെ പകുതിയോളം കണ്ണൂർ (20%-ലധികം), തിരുവനന്തപുരം (17%), എറണാകുളം (11%) എന്നീ മൂന്ന് ജില്ലകളിലായി മാത്രമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം 2021-22 ലെ 31,571 കോടി രൂപയിൽ നിന്ന് 2024-25 ൽ 78,851 കോടി രൂപയായി ഉയർന്നു.
- സാമ്പത്തിക പ്രതിസന്ധി കാരണം പദ്ധതി ചെലവുകൾ (Plan expenditure) സ്തംഭനാവസ്ഥയിലാവുകയും ആകെ ചെലവിലെ വിഹിതം 2025-26 ലെ പുതുക്കിയ കണക്കുകൾ പ്രകാരം 18 ശതമാനത്തിന് താഴെയാവുകയും ചെയ്തു.
- പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതി ചെലവ് വിഹിതം 2017-18 ലെ 9.24 ശതമാനത്തിൽ നിന്ന് 2025-26 ൽ 3.85 ശതമാനമായി ഇടിഞ്ഞു.
- ചെലവുചുരുക്കൽ കൊണ്ടുമാത്രം സാമ്പത്തിക പ്രതിസന്ധി മറികടക്കാനാകില്ല; സാമ്പത്തിക വളർച്ച, നിക്ഷേപം, തൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് ശാശ്വത പരിഹാരം.
- സ്വകാര്യ-സഹകരണ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുകയും വൈദ്യുതി മേഖല സ്വകാര്യ നിക്ഷേപത്തിനായി തുറന്നുകൊടുക്കുകയും വേണം.
- ഭൂപരിഷ്കരണ നിയമങ്ങളും തൊഴിൽ നിയമങ്ങളും കാലോചിതമായി പുനഃക്രമീകരിക്കുകയും വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

**(ബി)** വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതം എത്രത്തോളം വിനിയോഗിച്ചിട്ടുണ്ടെന്ന് ധനവകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അക്കൗണ്ടന്റ് ജനറലിന്റെ 2026 മേയ് വരെയുള്ള പ്രാഥമിക കണക്കുകളുടെയും isoft-ൽ ലഭ്യമായ കണക്കുകളുടെയും അടിസ്ഥാനത്തിൽ, ഈ സാമ്പത്തിക വർഷം മേയ് വരെയുള്ള കാലയളവിലെ പദ്ധതി ചെലവിന്റെ ധനാഭ്യർത്ഥന തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

**(സി)** സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി സംബന്ധിച്ച് സമഗ്ര വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനം നിലവിൽ കടുത്ത പണഞെരുക്കം നേരിടുന്നു എന്നത് ഒരു വസ്തുതയാണ്. RBI- യുടെ കണക്കനുസരിച്ച് നിലവിൽ സർക്കാരിന്റെ കടബാധ്യത 5.07 ലക്ഷം കോടി രൂപയാണ്. കൂടാതെ, സംസ്ഥാന സർക്കാർ രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ കിഫ്ബിയും പെൻഷൻ കമ്പനിയും എടുത്ത വായ്പകളുടെ തിരിച്ചടവ് സർക്കാരിന്റെ ചുമലിലാണ്. സർക്കാർ എടുത്ത വായ്പകളുടെ പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് മേൽ സ്ഥാപനങ്ങൾ വായ്പകൾ സമാഹരിച്ചിട്ടുള്ളത്. തത്ഫലമായി സംസ്ഥാനത്തിന്റെ വായ്പയും കടബാധ്യതയും അനുവദനീയമായ പരിധിക്കപ്പുറത്തേക്ക് വർദ്ധിക്കുന്ന അനഭിലഷണീയമായ

സാഹചര്യമാണ് സംജാതമായിട്ടുള്ളത്. ഇത് സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. മുകളിൽ പ്രതിപാദിച്ച 5.07 ലക്ഷം കോടി രൂപയുടെ കടബാധ്യതയ്ക്കു പുറമേ സാമ്പത്തിക ആരോഗ്യ തൽസ്ഥിതി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 48,733 കോടി രൂപയ്ക്കു പുറമേ കിഫ്ബിയുടെ 21,000 കോടി രൂപയുടെ വായ്പാ തിരിച്ചടവിന്റെ ബാധ്യതയും പെൻഷൻ കമ്പനിയുടെ 17,279 കോടി രൂപയുടെ ബാധ്യതയും ചേർത്ത് ആകെ 87,012 കോടി രൂപയുടെ അധിക ബാധ്യതയാണ് സർക്കാരിലേയ്ക്ക് വന്നു ചേർന്നിട്ടുള്ളത് (2026 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം). ഇതിനു പുറമേ ഏകദേശം 35,000 കോടി രൂപ ചെലവ് വരുന്ന കിഫ്ബിയുടെ പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തേണ്ടതിന്റെ ബാധ്യതയും ഈ സർക്കാരിന്റെ ചുമലിലാണ്.

**(ഡി)** ഈ സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക ബാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പുതിയ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക ബാധ്യത സംബന്ധിച്ച പഠനം അതത് ഭരണ വകുപ്പുകൾ മുഖേന നടത്തിവരുന്നുണ്ട്. ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിച്ച് വിവിധ മേഖലകളിൽ വൻകിട നിക്ഷേപം ആകർഷിച്ച് ഖജനാവിൽ പണം സമാഹരിച്ച് കൊണ്ട് ഈ സർക്കാർ നൽകിയ എല്ലാം വാഗ്ദാനങ്ങളും സമയബന്ധിതമായി നിറവേറ്റുന്നതിന് ഉതകുന്ന കർമ്മ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**

| അനുബന്ധം - I | | | | | |
|---|---|---|---|---|---|
| നം. | ധനാഭ്യർത്ഥന | 2026-27 (തുക കോടിയിൽ) | | | |
| | | വിഹിതം | പുതുക്കിയ വിഹിതം | ചെലവ് * (5/2026 വരെ) | % |
| I | സംസ്ഥാന നിയമസഭ | 1.43 | 1.10 | 0.19 | 13.42% |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 121.33 | 103.18 | 6.75 | 5.56% |
| III | നീതിന്യായ നിർവ്വഹണം | 48.41 | 47.22 | 9.10 | 18.79% |
| V | ചരക്കു സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും | 29.15 | 29.15 | 0.00 | 0.00% |
| VI | ഭൂനികുതി | 19.60 | 14.80 | 0.00 | 0.00% |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 32.00 | 27.70 | 0.00 | 0.00% |
| VIII | എക്സൈസ് | 21.76 | 21.76 | 1.39 | 6.38% |
| X | ട്രഷറികളും അക്കൗണ്ടുകളും | 21.12 | 17.90 | 2.08 | 9.84% |
| XI | ജില്ലാ ഭരണവും പലവകയും | 11.21 | 9.76 | 0.65 | 5.82% |
| XII | പോലീസ് | 210.56 | 209.91 | 1.70 | 0.81% |
| XIII | ജയിലുകൾ | 15.00 | 10.09 | -0.60 | -3.98% |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 72.79 | 68.31 | 0.68 | 0.93% |
| XV | പൊതുമരാമത്ത് | 1341.61 | 1119.94 | 414.16 | 30.87% |
| XVI | പെൻഷനും പലവകയും | 0.50 | 0.30 | 6433.11 | 1286622.07% |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 3451.64 | 3034.55 | 274.26 | 7.95% |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 3106.61 | 2667.10 | 441.62 | 14.22% |
| XIX | കുടുംബക്ഷേമം | 250.00 | 250.00 | 106.95 | 42.78% |
| XX | ശുദ്ധജല വിതരണവും ശുചീകരണവും | 947.23 | 895.59 | 4001.13 | 422.40% |
| XXI | ഭവന നിർമ്മാണം | 83.41 | 67.65 | 0.51 | 0.61% |
| XXII | നഗരവികസനം | 1529.16 | 1432.46 | 72.86 | 4.76% |
| XXIII | വാർത്താ വിതരണവും പ്രചരണവും | 46.05 | 36.23 | 0.35 | 0.75% |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 1010.39 | 710.46 | 9.82 | 0.97% |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 3173.42 | 2722.89 | 256.98 | 8.10% |
| XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 0.30 | 0.30 | 0.00 | 0.00% |
| XXVII | സഹകരണം | 175.43 | 147.35 | 0.00 | 0.00% |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 1793.59 | 1580.30 | 1055.45 | 58.85% |
| XXIX | കൃഷി | 1542.40 | 1302.33 | 25.81 | 1.67% |
| XXX | ഭക്ഷ്യം | 98.74 | 78.59 | 35.49 | 35.94% |
| XXXI | മൃഗസംരക്ഷണം | 322.52 | 264.94 | 1.72 | 0.53% |
| XXXII | ക്ഷീരവികസനം | 136.75 | 109.58 | -0.01 | -0.01% |
| XXXIII | മത്സ്യബന്ധനം | 484.10 | 410.91 | 12.60 | 2.60% |
| XXXIV | വനം | 332.36 | 287.56 | 31.39 | 9.44% |
| XXXV | പഞ്ചായത്ത് | 448.30 | 413.14 | 29.73 | 6.63% |

| നം. | ധനാഭ്യർത്ഥന | 2026-27 (തുക കോടിയിൽ) | | | |
|---|---|---|---|---|---|
| | | വിഹിതം | പുതുക്കിയ വിഹിതം | ചെലവ് * (5/2026 വരെ) | % |
| XXXVI | ഗ്രാമ വികസനം | 6757.72 | 6475.08 | 96.92 | 1.43% |
| XXXVII | വ്യവസായങ്ങൾ | 1984.26 | 1569.68 | 38.45 | 1.94% |
| XXXVIII | ജലസേചനം | 417.69 | 384.22 | 36.87 | 8.83% |
| XXXIX | വൈദ്യുത പദ്ധതികൾ (സംസ്ഥാന വൈദ്യുതി ബോർഡിന്റെ തനത് വിഹിതം ഉൾപ്പെടെ)** | 1309.84 | 1284.75 | 0.00 | 0.00% |
| XL | തുറമുഖങ്ങൾ | 98.08 | 77.17 | 0.43 | 0.44% |
| XLI | ഗതാഗതം | 591.02 | 515.89 | 428.82 | 72.56% |
| XLII | വിനോദസഞ്ചാരം | 413.52 | 325.36 | 36.80 | 8.90% |
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും*** | 10349.00 | 8815.45 | 0.06 | 0.00% |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 1774.67 | 1629.85 | 121.72 | 6.86% |
| | **ആകെ** | **44574.66** | **39170.49** | **13985.95** | 31.38% |

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം

** വൈദ്യുതി ബോർഡിൽ നിന്ന് തനത് ചെലവ് ലഭ്യമായിട്ടില്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.

*** i-soft ൽ നിന്നുമുള്ള കണക്ക്